**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2010-11 വർഷത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

ജി.ഒ. (ആർ.റ്റി) നം. 1160/12/തസ്വഭവ    തിരുവനന്തപുരം, തീയതി: 20/4/2012.

---

പരാമർശം: 1) ജി.ഒ.(ആർ.റ്റി) നം. 3004/11/തസ്വഭവ തീയതി, 17/2/2011.

2) ജി.ഒ. (ആർ.റ്റി) നം. 664/12/തസ്വഭവ തീയതി, 03/3/2012.

3) തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ 18/4/2012ന് ചേർന്ന മീറ്റിംഗ്.

## ഉത്തരവ്

2010-11, പദ്ധതി വർഷം മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ 2010-11 വർഷത്തെ മികച്ച ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളായി തെരഞ്ഞെടുത്തുകൊണ്ട് ഉത്തരവാകുന്നു.

### 2010-11 വർഷം

### സംസ്ഥാനതലം (ഗ്രാമ പഞ്ചായത്ത്)

ഒന്നാം സ്ഥാനം : നെടുമ്പന ഗ്രാമ പഞ്ചായത്ത് (കൊല്ലം ജില്ല)

### ജില്ലാ തലം (ഗ്രാമ പഞ്ചായത്ത്)

| ജില്ല | സ്ഥാനം | ഗ്രാമ പഞ്ചായത്ത് |
|---|---|---|
| തിരുവനന്തപുരം | 1 | കരകുളം |
| | 2 | പള്ളിച്ചൽ |
| കോട്ടയം | 1 | മുത്തോലി |

| | | |
|---|---|---|
| എറണാകുളം | 1 | ചോറ്റാനിക്കര |
| കോഴിക്കോട് | 1 | നൊച്ചാട് |
| | 2 | അരീക്കുളം |
| കണ്ണൂർ | 1 | ചെമ്പിലോട് |
| | 2 | പിണറായി |
| കാസർഗോഡ് | 1 | മടിക്കൈ |

**മികച്ച ബ്ലോക്ക് പഞ്ചായത്ത് (സംസ്ഥാനതലം)**

ഒന്നാം സ്ഥാനം : പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് (തൃശ്ശൂർ ജില്ല)

രണ്ടാം സ്ഥാനം : ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് (തൃശ്ശൂർ ജില്ല)

മൂന്നാം സ്ഥാനം : ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് (കൊല്ലം ജില്ല)

**മികച്ച ജില്ലാ പഞ്ചായത്ത്**

ഒന്നാം സ്ഥാനം : കാസർഗോഡ് ജില്ലാ പഞ്ചായത്ത്

**മികച്ച മുനിസിപ്പൽ കോർപ്പറേഷനുകൾ**

അർഹമായ നഗരസഭകൾ ഇല്ല.

സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടിയ ഗ്രാമ പഞ്ചായത്തിന് സ്വരാജ് ട്രോഫിയും, 25 ലക്ഷം രൂപ പ്രത്യേക പദ്ധതി സഹായധനമായും ലഭിക്കുന്നതാണ്. ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടിയ ഗ്രാമ പഞ്ചായത്തുകൾക്ക് സ്വരാജ് ട്രോഫിയും, പദ്ധതി സഹായധനമായി 10 ലക്ഷം രൂപാ വീതവും, രണ്ടാം സ്ഥാനം നേടുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് സാക്ഷ്യപത്രവും കൂടാതെ പ്രത്യേക പദ്ധതി സഹായധനമായി 5 ലക്ഷം രൂപാ വീതവും ലഭിക്കുന്നതാണ്. ഒന്നാം സ്ഥാനം നേടിയ മുനിസിപ്പാലിറ്റിക്കും ബ്ലോക്ക് പഞ്ചായത്തിനും സ്വരാജ് ട്രോഫിയും പദ്ധതി സഹായധനമായി 25 ലക്ഷം രൂപ വീതവും, രണ്ടാം സ്ഥാനം നേടിയ മുനിസിപ്പാലിറ്റിക്കും

ബ്ലോക്ക് പഞ്ചായത്തിനും 15 ലക്ഷം രൂപ വീതവും, മൂന്നാം സ്ഥാനം നേടിയ ബ്ലോക്ക് പഞ്ചായത്തിനും മുൻസിപ്പാലിറ്റിക്കും 10 ലക്ഷം രൂപയും പദ്ധതി സഹായധനമായി ലഭിക്കുന്നതാണ്. മികച്ച ജില്ലാ പഞ്ചായത്തിന് സ്വരാജ് ട്രോഫി ലഭിക്കുന്നതാണ്.

ഈ ഇനത്തിലുള്ള ചെലവുകൾ വകുപ്പ് അദ്ധ്യക്ഷൻമാർ ഇതിലേയ്ക്കായി നീക്കിവച്ച പദ്ധതി വിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ജില്ലാപഞ്ചായത്ത്, ആലപ്പുഴ/കണ്ണൂർ.
പ്രിൻസിപ്പൽ അക്കൌണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൌണ്ടൻറ് ജനറൽ (എ ആൻറ് ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (IKM) , പാങ്ങപ്പാറ, തിരുവനന്തപുരം-81.
ഇൻഫർമേഷൻ ആൻറ് പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ